കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ഇലകമൺ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail:lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. /7/176 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി :08.03.2019

e-mail:lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ഇലകമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലകമൺ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ .റ്റി.വി.എം/ജി.പി.7/176 /2019 തീയതി: 08.03.2019

**തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.06.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻ ലാൽ.എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2019 മുതൽ 22.01.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി വാലന്റീന.എം., ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ.എം.എൽ , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സുജേഷ്.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.വിനോദ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി വി.സുമംഗല | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ജെ.സജീന്ദ്ര ബാബു | 01.04.2017 മുതൽ 31.03.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ജെ.സജീന്ദ്ര ബാബു | 01.04.2017 മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി പ്രേമവല്ലി.എം. | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ -എ) | ശ്രീ. ആദർശ് മോഹൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ -ബി) | ശ്രീമതി ആശാറാണി.റ്റി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി സൗമ്യ.ഒ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അമിത് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. തുശ്ശല.ആർ.ഐ. | 01.04.2017 മുതൽ 29.05.2017 വരെ |
| | ഡോ. ബ്രിജില.എസ്. | 30.05.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | ഡോ. റൂബി.എച്ച്.എൽ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയശ്രീ.ഐ. | 01.04.2017 മുതൽ 31.03.2018 വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ് | ശ്രീമതി രാജി.എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജിജു.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ശ്രീ. സൈജു.എ.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. വി.എൻ.സജി | 01.04.2017 മുതൽ 17.06.2017 വരെ |
| | ശ്രീമതി അജില.യു.എസ്. | 18.06.2017 മുതൽ 21.06.2017 വരെ |
| | ഒഴിവ് | 22.06.2017 മുതൽ 02.07.2017വരെ |

| | | |
|---|---|---|
| | ശ്രീ. കൃഷ്ണകുമാർ.എസ്.എസ്. | 03..07.2017മുതൽ 24.08.2017 വരെ |
| | ശ്രീ. കെ.രാജമോഹൻ പോറ്റി | 25.08.2017 മുതൽ 20.01.2018 വരെ |
| | ശ്രീ. കൃഷ്ണകുമാർ.എസ്.എസ്. | 21.01.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | അംഗീകാരമില്ലാതെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം- നടപടി സ്വീകരിച്ചിട്ടില്ല. | 2-1 |
| 14 | നിബന്ധനകൾ പാലിക്കാതെ വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കി | 2-2 |
| 15 | ഡി ആന്റ് ഓ – അപൂർണ്ണങ്ങളായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി | 2-3 |

| | | |
|---|---|---|
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 3-1 |
| 18 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം- സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല | 3-2 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-3 |
| 20 | മത്സരാധിഷ്ഠിതമല്ലാത്ത ടെണ്ടറുകൾ | 3-4 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല – ഏറ്റെടുക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് അവ്യക്തത | 3-5 |
| 22 | സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ | 3-6 |
| 23 | കോടംവിള കോളനി നടപ്പാത സംരക്ഷണം - വർഷങ്ങൾ നീണ്ട പ്രവൃത്തി | 3-7 |
| 24 | തുരുത്തിയിൽ നടപ്പാത സംരക്ഷണം - ചെയ്യാത്ത പ്രവൃത്തിയിനങ്ങൾക്ക് തുക നൽകി | 3-8 |
| 25 | താരതമ്യേന പ്രവർത്തനം കുറഞ്ഞ മാർക്കറ്റിൽ നവീകരണ പ്രവൃത്തിക്കായി 1,99,307 രൂപ ചെലവഴിച്ചു | 3-9 |
| 26 | ഹരിതഭവന പദ്ധതി- ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി | 3-10 |
| 27 | ചെലവഴിക്കാത്ത കേന്ദ്രവിഹിതം - അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കണം | 3-11 |
| 28 | പട്ടികജാതി സമിതിക്ക് ചെണ്ട വിതരണം - രേഖകളില്ല. 261440/- രൂപ തടസ്സപ്പെടുത്തുന്നു | 3-12 |
| 29 | പദ്ധതി ആനുകൂല്യങ്ങൾ വ്യക്തികൾക്ക് ആവർത്തിച്ചു നൽകുന്നില്ലായെന്ന് ഉറപ്പാക്കുന്നില്ല | 3-13 |
| 30 | എൽ. പി സ്കൂളിൽ പ്രഭാത ഭക്ഷണം - പ്രോജക്ട് നിർവ്വഹണത്തിൽ ധനവിനിയോഗ മാർഗ്ഗരേഖയുടെ ലംഘനം | 3-14 |
| 31 | ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ആനുപാതികമായി ചെലവഴിക്കുന്നില്ല | 3-15 |

| | | |
|---|---|---|
| 32 | ബഡ്സ് സ്കൂൾ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയെങ്കിലും ബ്ലോക്ക് വിഹിതം ചെലവഴിച്ചു | 3-16 |
| 33 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പണിസാധനങ്ങളുടെ സ്റ്റോക്ക് വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല | 3-17 |
| 34 | എച്ച്. എം. സികളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 3-18 |
| 35 | ഭിന്നശേഷിക്കാർക്ക് ശ്രവണസഹായി- രേഖകൾ ഹാജരാക്കിയില്ല | 3-19 |
| 36 | വയോമിത്രം പദ്ധതി - കൈമാറിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല | 3-20 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 44 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18സാമ്പത്തിക വർഷത്തെ ബജറ്റ് 13-03-2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 181205904.93/- രൂപയും പ്രതീക്ഷിത ചെലവ് 179479000/- രൂപയും നീക്കിയിരിപ്പ് 1726904.93/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 7,17,85,110.43/-രൂപയും ചെലവ് 6,74,68,610/- രൂപയും നീക്കിയിരിപ്പ് 43,16,500.43/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28.06.2018 മുതൽ 29.06.2018വരെ | കെ.എസ്.എ.റ്റി.വി.എം / ജി.പി.7/1487/2018 തീയതി 19.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | : | 1,02,28,613.43 |
| വരവ് | : | 6,15,56,497 |
| ആകെ | : | 7,17,85,110.43 |
| ചെലവ് | : | 6,74,68,610 |
| നീക്കിയിരിപ്പ് | : | 4,31,65,00.43 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 12601356 | 12601356 | 12601356 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6607009 | 6607009 | 6607009 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7814077 | 7814077 | 7814077 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 0 | 3461270 | 3461270 | 3461270 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7170853 | 7170853 | 7170853 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 899266 | 899266 | 899266 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 704 | 1212356 | 1213060 | 1212190 | 870 |
| റിലീഫ് ഫണ്ട് അയിരൂർ VSCB | 8284 | 3640 | 11924 | 0 | 11924 |

| | | | | | |
|---|---|---|---|---|---|
| കറന്റ് അക്കൗണ്ട് SBI പാളയംകുന്ന് | 0 | 28695 | 28695 | 649 | 28046 |
| തനത് ഫണ്ട് IOB | 3295006.43 | 7136665 | 10431671.43 | 5550190 | 4881481.43 |
| ജനറൽ പർപ്പസ് ഫണ്ട് (റ്റി.എസ്.ബി) | 6842755 | 13007490* | 19850245 | 20591045 | (-)740800 |
| ക്യാഷ് | 81864 | 134979 | 216843 | 81864 | 134979 |

* ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിൽ വരവ് വന്ന എല്ലാ തുകകളും ഈ ശീർഷകത്തിൽ തന്നെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം.

2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഫണ്ടുകൾ വകയിരുത്തി 12 നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർവ്വഹണ ചുമതലയിൽ 149 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിരുന്നു. ഇവയിൽ 84% പ്രോജക്ടുകൾനടപ്പാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| i | കൃഷി ഓഫീസർ | 10 | 5613965 | 4 | 3095400 | 6 | 0 | 40 |
| ii | വെറ്റിനറി സർജൻ | 7 | 5223165 | 2 | 2519900 | 5 | 0 | 29 |
| iii | മെഡിക്കൽ ഓഫീസർ - PHC | 5 | 1850000 | 3 | 1847528 | 2 | 0 | 60 |
| iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 144000 | 1 | 143720 | 1 | 0 | 50 |
| v | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 350000 | 1 | 349620 | 1 | 0 | 50 |
| vi | VEO | 8 | 43476500 | 3 | 3752000 | 4 | 1 | 38 |
| vii | ICDSസൂപ്പർവൈസർ | 9 | 5451881 | 1 | 4263447 | 7 | 1 | 11 |
| viii | സെക്രട്ടറി | 20 | 4236289 | 5 | 2726280 | 9 | 6 | 25 |
| ix | HM ഗവ. LPS | 4 | 2433714 | 3 | 2123966 | 1 | 0 | 75 |
| x | അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 27186498 | 0 | 19192234 | 58 | 15 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| xi | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 718984 | 0 | 521637 | 2 | 0 | 0 |
| xii | അസിസ്റ്റന്റ് സെക്രട്ടറി | 7 | 2692000 | 0 | 1989320 | 6 | 1 | 0 |
| | ആകെ | 149 | 99376996 | 23 | 42525052 | 102 | 24 | 15 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 704 | 1212356 | 1213060 | 1212190 | 870 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 762000 | 762000 | 762000 | 0 |
| ആകെ | 704 | 1974356 | 1975060 | 1974190 | 870 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 118440 | 201 |
| കർഷകതൊഴിലാളി പെൻഷൻ | 1869500 | 163 |
| വിധവാപെൻഷൻ | 15413100 | 1173 |
| വാർദ്ധക്യകാലപെൻഷൻ | 28950700 | 1954 |
| വികലാംഗപെൻഷൻ | 3622700 | 256 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 143100 | 16 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2019, 10.30 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 20106രൂപയുടെ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1-10-1 ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത എന്നിവ സേവന പ്രദാനത്തിൽ ഉറപ്പുവരുത്താൻ സഹായകമാണ്.

ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009 /തസ്വഭവ, തീ.02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടി ചുവടെപ്പറയുംപ്രകാരമാണ്.

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | സ്വീകരിക്കുന്ന തപാലുകളുടെ വിവരങ്ങൾ ഉത്തരവിലെ അനുബന്ധം 1 പ്രകാരമുള്ള ഫ്രണ്ട് ഓഫീസ് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിൽ ചേർക്കണം | ഉണ്ട് |
| 2 | തപാൽ നമ്പർ ഓരോ കലണ്ടർ വർഷത്തിലും പുതുതായി ആരംഭിച്ച് വർഷാവസാനം വരെ തുടർച്ചയായിട്ട് ക്രമീകരിക്കണം | അപ്രകാരം ക്രമീകരിച്ചിട്ടുണ്ട് |
| 3 | തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം | ആധാരങ്ങളുടെ അസ്സൽ പരിശോധനയ്ക്ക് ശേഷം തിരികെ നൽകുകയും പകർപ്പ് ഫയലിൽ സൂക്ഷിക്കുകയും ചെയ്യുന്നു |
| 4 | സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (7ാം കോളത്തിൽ) ചേർക്കണം. പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കണം | ഇല്ല |
| 5 | എല്ലാ തപാലുകൾക്കും കൈപ്പറ്റ് രസീത് നൽകണം | നൽകാറുണ്ട് |
| 6 | കൈപ്പറ്റ് രസീത് ഡ്യൂപ്ലിക്കേറ്റിൽ തയ്യാറാക്കി ഒറിജിനൽ അപേക്ഷകന് നൽകുകയും പകർപ്പ് തപാലിനോടൊപ്പം ചേർക്കുകയും ചെയ്യണം | ഉണ്ട് |
| 7 | ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതും സേവനം നൽകേണ്ടതുമായ അപേക്ഷകളുടേയും കാര്യത്തിൽ യഥാസമയം സേവനം ഉറപ്പുവരുത്താനായി അനുബന്ധം 3 മാതൃകയിലുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കണം | ഉണ്ട് |
| 8 | തപാൽ കൈമാറ്റങ്ങൾക്ക് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിലെ 9ാം കോളത്തിൽ അക്ക്നോളജ്മെന്റ് വാങ്ങണം | ഉണ്ട് |

| | | |
|---|---|---|
| 9 | അതാത് ദിവസം ലഭിച്ച തപാലുകൾ യഥാസമയം വിതരണം ചെയ്ത ശേഷം "എല്ലാ തപാലുകളും രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട്" എന്ന് അന്നന്ന് ചുമതല കൈമാറ്റത്തിന് മുൻപ് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തണം | ഉണ്ട് |
| 10 | സേവനം സ്വീകരിക്കുന്നതിനായി ഹാജരാകുമ്പോൾ ഒപ്പ് വാങ്ങി സേവനം നൽകേണ്ടതും കൈപ്പറ്റ് രസീത് റദ്ദാക്കുകയും ചെയ്യണം | ഉണ്ട് |
| 11 | ഇപ്രകാരം ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8-ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം | ഇല്ല |
| 12 | അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം | ഇല്ല |
| 13 | സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം | ഇല്ല |
| 14 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഇല്ല |
| 15 | സേവനവിവര ബോർഡുകൾ (അനുബന്ധം 7), ഹാജർ ബോർഡ് (അനുബന്ധം 8), ഗ്രാമസഭാ ബോർഡ് (അനുബന്ധം 9), യോഗങ്ങൾ സംബന്ധിച്ച ബോർഡ് (അനുബന്ധം 10), സർവ്വീസ് സ്റ്റാറ്റസ് ബോർഡ് (അനുബന്ധം 11) എന്നിവ തയ്യാറാക്കണം | ഉണ്ട് |
| 16 | ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണം | ഇല്ല |
| 17 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം | ഇല്ല |
| 18 | പൗരാവകാശരേഖ കാലാനുസൃതമായി പരിഷ്കരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ മോണിറ്ററിംഗ് സമിതി രൂപപ്പെടുത്തിയിരിക്കണം | ഇല്ല |
| 19 | മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരുകയും ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ ശുപാർശകൾ പഞ്ചായത്ത് സമിതിക്ക് നൽകുകയും വേണം | ഇല്ല |
| 20 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടേണ്ടതാണ് | ഉണ്ട് |

| | | |
|---|---|---|
| 21 | റെക്കോർഡ് റൂം കൃത്യമായി പരിപാലിക്കണം | ഇല്ല |

1-10-2 ബജറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഫെബ്രുവരി 28 ന് മുൻപ് | 13.02.2017 ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രൊപ്പോസലുകളും നിർദ്ദേശങ്ങളും സമർപ്പിക്കാൻ നിർവ്വഹണോദ്യോഗസ്ഥരോടും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളോടും ആവശ്യപ്പെട്ടു |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ഡിസംബർ 15, 2017 ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ<br>സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 15 ന് മുൻപ് | വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 09.03.2017 ന് യോഗം ചേർന്നു. മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇതിലേക്കായി യോഗം ചേർന്നില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ജനുവരി 25 ന് മുൻപ് | വിവരങ്ങൾ ലഭ്യമല്ല |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 1 ന് മുൻപ് | 24.05.2017ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1 ന് മുൻപ് | 07.03.2017 ൽ നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് ചർച്ച ചെയ്ത് അംഗീകരിച്ചു |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | യോഗം ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 13.03.2017ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി കരട് ബജറ്റ് ചർച്ച ചെയ്ത് അംഗീകരിച്ചു |

1-10-3 ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം കേരള വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തിയിട്ടുണ്ട്. ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 295 പൊതുടാപ്പുകളാണ് ഉള്ളത്. എല്ലാ ടാപ്പുകളിലും ജലലഭ്യത ഉണ്ട്. 2017-18 സാമ്പത്തിക വർഷം വാട്ടർ ചാർജ്ജിനത്തിൽ 1548756 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്

1-10-4 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി സർക്കുലർ നമ്പർ 86/2010/ഫിൻ തീയതി 24-09-2010

പ്രകാരം സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഇപ്രകാരമുള്ള രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/16-01-2018) നിശ്ചിത പ്രൊഫോർമയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കുന്നതാണെന്ന് മറുപടി നൽകി.

1-10-5 തെരുവ് വിളക്കുകളുടെ പരിപാലനം

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്.

1-10-6 റോഡ് കണക്റ്റിവിറ്റി പ്ലാൻ/മാപ്പ് തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 72/2017/തസ്വഭവ തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-10-7 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല

1994 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശ രേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശ ഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ തയ്യാറാക്കൽ ചട്ടങ്ങളിലെ) ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കഴിയാത്ത കാലയളവിനുള്ളിൽ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണ സ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ചും അവയുടെ നിർവ്വഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്തമുള്ള സെക്രട്ടറിയും വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും സദ്ഭരണം വർക്കിംഗ് ഗ്രൂപ്പും ഇക്കാര്യത്തിൽ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

1-10-8 വിവരാവകാശ രജിസ്റ്റർ- പരിപാലനം തൃപ്തികരമല്ല

2017-18, 2018-19 വർഷത്തെ വിവരാവകാശ രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അനക്ഷർ II A മാതൃകയിൽ വിവരാവകാശ രജിസ്റ്റർ പരിപാലിച്ചിട്ടില്ല

ബി) അപേക്ഷകൾ ക്രമ നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

സി) രജിസ്റ്റർ സെക്രട്ടറി മേൽ പരിശോധന നടത്തിയിട്ടില്ല

ഡി) ചുവടെപ്പറയുന്ന അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് രേഖപ്പെടുത്തലില്ല.

| ക്രമ നം. | ഫയൽ നമ്പർ | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | A5-5280/17<br>07-08-2017 | ശ്രീ.ജി.രാജീവ്,<br>പറമ്പിൽ ഹൗസ് |
| 2 | A5-5349/17<br>10-08-17 | ഡി.ഡി.പി. തിരുവനന്തപുരം |
| 3 | A5-5528/17<br>18-08-2017 | ശ്രീ.എസ്.ബാബു, ഇടവ.പി.ഓ |
| 4 | A5-7718/17<br>30-11-2017 | ശ്രീ.ബിജു.പി, ശബരി, അയിരൂർ പി.ഓ |
| 5 | A5-8052/17<br>(ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല) | ശ്രീ.അജീഷ്.ബി<br>പള്ളികിഴക്കതിൽ |
| 6 | A5-8056/17<br>18-12-2017 | ശ്രീമതി.ബി.സരസ്വതി<br>ആരാധനാ ഹൗസ് |
| 7 | A5-8158/17<br>20-12-2017 | ശ്രീ.രാമു, കാട്ടുവിള വീട് |
| 8 | A5-8164/17<br>20-12-2017 | ശ്രീ.ജയധരൻ, തൊടിയിൽ വീട് |
| 9 | A5-8235/17<br>22-12-2017 | ശ്രീ.ജയധരൻ, തൊടിയിൽ വീട് |
| 10 | A5-406/18<br>16-01-2018 | ശ്രീ.സുലജ, കുന്നംപുറത്ത് വീട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/14-01-2019) നൽകിയ മറുപടിയിൽ മേൽ അപാകതകൾ പരിഹരിച്ച് വിവരാവകാശ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നെന്ന് ഉറപ്പ് വരുത്തുവാൻ സെക്രട്ടറിയും സദ്ഭരണത്തിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2018 | 01.09.2018 മുതൽ<br>31.10.2018 വരെ | 12.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.10.2005 | 2004-05 | 21.12.2005 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 ലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-18 നമ്പർ ഷെഡ്യൂൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 1904993 രൂപയും വൈദ്യുതി ബോർഡിൽ 1341 രൂപയും അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. രസീത് ആന്റ് പെയ്മെന്റ് ഷെഡ്യൂൾ പ്രകാരം (ആർ.പി 47) 699993രൂപ വാട്ടർ അതോറിറ്റിയിൽ തൻവർഷം നിക്ഷേപിച്ചിട്ടുണ്ട്. ഇതിനുപുറമേ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രിക പ്രകാരം കെ.എസ്.ഇ.ബിയിൽ 69497 രൂപ വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതായി കാണുന്നു. കൂടാതെ മേൽ തുകകൾ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നുമില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ സ്പിൽ ഓവർ പ്രോജക്ടായ ബഡ്സ് സ്കൂളിന് ഭൗതിക സാഹചര്യം (പ്രോജക്ട് നമ്പർ 35/18) എന്ന പ്രോജക്ടിന്റെ നടത്തിപ്പിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 150000 രൂപ ലഭിച്ചിട്ടുള്ളതും നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം ടി തുക ചെലവഴിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി തുക ചെലവ് വിവരം സുലേഖയിലോ വാർഷിക ധനകാര്യ പത്രികയിലോ ഉൾപ്പെട്ടതായി കാണുന്നില്ല.

ക്ഷീരവികസന ഓഫീസർ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി എന്ന സ്പിൽഓവർ പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ 34/18) നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 150000 രൂപ ലഭിച്ചിട്ടുള്ളതും നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം ടി തുക ചെലവഴിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി തുക ചെലവ് വിവരം സുലേഖയിലോ വാർഷിക ധനകാര്യ പത്രികയിലോ ഉൾപ്പെട്ടതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (എൻക്വയറിക്ക് നമ്പർ 43) പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടില്ലാത്തതാണെന്ന് അറിയിച്ചു.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അംഗീകാരമില്ലാതെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം- നടപടി സ്വീകരിച്ചിട്ടില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയ്ക്കുള്ളിൽ പ്രവർത്തിക്കാൻ പാടുള്ളതല്ല. രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഇതേ ചട്ടത്തിലെ ഫോറം 2 പ്രകാരമുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശാരദ ഹോസ്പിറ്റൽ നടയറ, അബൂസ് ഹോസ്പിറ്റൽ അയിരൂർ എന്ന സ്ഥാപനങ്ങളിൽ നിന്ന് 2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി വാങ്ങിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി നമ്പർ 21/17-01-2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഈ ആശുപത്രികൾ 2017-18 സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്യുകയോ/പുതുക്കുകയോ ചെയ്തിട്ടില്ല എന്ന് അറിയിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം രജിസ്റ്റർ ചെയ്യാത്ത സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വരെ ആകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആരോഗ്യ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ഇക്കാര്യത്തിലുള്ള ജാഗ്രതക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു. രജിസ്റ്റർ ചെയ്യിക്കുവാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ആയതിലേക്കായി മാനദണ്ഡങ്ങൾ പാലിക്കാൻ സ്ഥാപനത്തിന് കഴിയാത്ത പക്ഷം സ്റ്റോപ് നോട്ടീസ് നൽകേണ്ടതുമാണ്.

## 2-2 നിബന്ധനകൾ പാലിക്കാതെ വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കി

2017-18 സാമ്പത്തിക വർഷത്തെ ചുവടെപ്പറയുന്ന ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ വിവിധ കെട്ടിടങ്ങളെ ഗ്രാമപഞ്ചായത്തിലെ ഡിമാന്റിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം. | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം | ഒഴിവാക്കിയ തുക |
|---|---|---|
| 1 | 10-05-2017 ലെ 3 ാം നമ്പർ തീരുമാനം | 598 |
| 2 | 18-07-2017 ലെ 3(3) നമ്പർ തീരുമാനം | 759 |
| 3 | 18-07-2017 ലെ 3(4) നമ്പർ തീരുമാനം | 947 |
| 4 | 16-08-2017 ലെ 3 നമ്പർ തീരുമാനം | 84 |
| 5 | 15-01-2018 ലെ 4(1) നമ്പർ തീരുമാനം | 2420 |
| 6 | 10-12-2017 ലെ 4(1) നമ്പർ തീരുമാനം | 552 |
| 7 | 10-12-2017 ലെ 4(2) നമ്പർ തീരുമാനം | 57 |
| 8 | 10-12-2017 ലെ 4(3) നമ്പർ തീരുമാനം | 42 |
| 9 | 10-12-2017 ലെ 4(4) നമ്പർ തീരുമാനം | 878 |
| ആകെ | | 6337 |

മേൽ പരാമർശിച്ച തീരുമാനങ്ങൾ പ്രകാരം ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 1998 ലെ കേരള പഞ്ചായത്ത് രാജ് വസൂലാക്കാൻ സാധിക്കാത്ത നികുതികൾ എഴുതിതള്ളൽ ചട്ടങ്ങൾ പ്രകാരമുള്ള ചുവടെപ്പറയുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

എ) പഞ്ചായത്ത് കമ്മിറ്റി തുക എഴുതിത്തള്ളാൻ തീരുമാനിച്ച പക്ഷം സൂക്ഷിക്കേണ്ട നിശ്ചിത ഫോർമാറ്റിലുള്ള രജിസ്റ്റർ സെക്രട്ടറി എഴുതി സൂക്ഷിച്ചിട്ടില്ല

ബി) തൊട്ടടുത്ത ഗ്രാമസഭാ യോഗത്തിൽ ഈ വിവരം അറിയിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല

സി) ആയിരം രൂപയിൽ കൂടുതൽ ആണെങ്കിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അംഗീകാരം തേടേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല

ഡി) നികുതി ഒഴവാക്കാൻ തീരുമാനിക്കുന്ന പക്ഷം സെക്രട്ടറി അപേക്ഷ ഉൾപ്പെടെയുള്ള എല്ലാ രേഖകളിലും “ഒഴിവാക്കുന്നു”എന്ന രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്. എന്നാൽ ഭൂരിഭാഗം ഫയലുകളിലും സെക്രട്ടറി ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു എന്ന ഉത്തരവ് നടപ്പ് ഫയലിൽ പോലും രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് തുക എഴുതിതള്ളാൻ ഭരണസമിതിയോട് ശുപാർശ ചെയ്യാനുള്ള അധികാരം മാത്രമാണുള്ളത്. തുക ഒഴിവാക്കിയ ഭരണ സമിതി തീരുമാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/17-01-2019) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 2-3 ഡി ആന്റ് ഓ - അപൂർണ്ണങ്ങളായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി

2017-18 വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച് നൽകിയ ചുവടെ പറയുന്ന അപേക്ഷകൾ അപൂർണ്ണമാണ്.

| ക്രമ നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|---|---|
| 1 | ശ്രീ.പ്രഹ്ലാദൻ.വി | ഓട്ടോ സർവ്വീസ് സ്റ്റേഷൻ | സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| 2 | ശ്രീമതി.ജിഷ.എ | ജൈവവളം, വിത്ത് വിതരണ കേന്ദ്രം | സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം, ശരാശരി വിറ്റുവരവ്, മാലിന്യ സംസ്കരണ സംവിധാനം, സ്ഥലവിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 3 | ശ്രീ.സെമിൻ സുഭാഷ് | സാനിട്ടറി ടൂൾസ് | ശരാശരി വിറ്റുവരവ്, മാലിന്യ സംസ്കരണ സംവിധാനം, സ്ഥലവിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 4 | ശ്രീ.ഷൈൻ സോമരാജൻ | കൺസ്ട്രക്ഷൻ കമ്പനി ഓഫീസ് | ശരാശരി വിറ്റുവരവ്, മാലിന്യ സംസ്കരണ സംവിധാനം, സ്ഥലവിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 5 | ശ്രീ.ഡി.അഭിലാഷ് | അഡ്വൈർടൈസിംഗ് കമ്പനി | ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |
| 6 | ശ്രീ.മുഹമ്മദ് പാമി | ബേക്കറി വ്യാപാരം | ശരാശരി വിറ്റുവരവ്, സ്ഥലവിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 7 | ശ്രീ.മഹേഷ്.എം | ചപ്പാത്തി നിർമ്മാണം, വിതരണം | സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം, ശരാശരി വിറ്റുവരവ്, മാലിന്യ സംസ്കരണ സംവിധാനം, എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 8 | ശ്രീ.റ്റി.സുനിൽകുമാർ | ബേക്കറി, പാൽ വിൽപ്പന | സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം, ശരാശരി വിറ്റുവരവ്, മാലിന്യ സംസ്കരണ സംവിധാനം, സ്ഥലവിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 9 | ശ്രീ.സലിം.എ | കാറ്ററിംഗ് | ശരാശരി വിറ്റുവരവ്, സ്ഥലവിസ്തീർണ്ണം എന്നിവ രേഖപ്പെട്ടത്തിയിട്ടില്ല |
| 10 | ശ്രീ.കൃഷ്ണകുമാർ | ബേക്കറി വ്യാപാരം | ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |
| 11 | സെക്രട്ടറി, അയിരൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | ക്ഷീരോൽപ്പാദന സഹകരണ സംഘം | സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം, ശരാശരി വിറ്റുവരവ്, മാലിന്യ സംസ്കരണ സംവിധാനം, സ്ഥലവിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 12 | ശ്രീ.അബ്ദുൾ ഹാരിസ് | സൂപ്പർമാർക്കറ്റ് | ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |
| 13 | ശ്രീ.വി.മോഹനൻ | ഇന്റർനെറ്റ് സെന്റർ | ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |
| 14 | ശ്രീമതി.ഗുലാബ് വർഷ | കൺസ്ട്രക്ഷൻ കമ്പനി | ശരാശരി വിറ്റുവരവ്, മാലിന്യ സംസ്കരണ സംവിധാനം, സ്ഥല വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 15 | ശ്രീ.ജഗൽ പ്രതാപൻ നായർ/ശ്രീ.രാജീവ് | എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കൽ | മാലിന്യ സംസ്കരണ സംവിധാനം, ശരാശരി വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിട്ടില്ല |

| | | | |
|---|---|---|---|
| 16 | ശ്രീ.വിശാഖ്.എം.പി | ചപ്പാത്തി നിർമ്മാണം, വിതരണം | ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 17 | ശ്രീമതി.ആശ ഹരിലാൽ | സ്റ്റേഷനറി വ്യാപാരം | സ്റ്റേഷനറി വ്യാപാരം |
| 18 | ശ്രീമതി.ശിവകുമാരി | ഹോളോബ്രിക്സ് | ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 19 | ശ്രീമതി.വത്സല | ഹാർഡ് വെയർ സ്ഥാപനം | ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല |
| 20 | ശ്രീ.വി.ത്യാഗരാജൻ | ചൂരൽ ഫർണിച്ചർ | ജീവനക്കാരുടെ എണ്ണം, ശരാശരി വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 21 | ശ്രീ.ബി.സലിം | ഇലക്ട്രിക്കൽ/പ്ലമ്പിംഗ് വർക്ക് | ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 22 | ശ്രീമതി.പി.ലിസ്സി | എഗ്ഗർ നഴ്സറി | സ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണം, ശരാശരി വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 23 | ശ്രീ.ഹസ്ബുദ്ദീൻ | കാറ്റിൽ ഫാം | ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |

ശരാശരി വിറ്റ് വരവ്, ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ എപ്രകാരമാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നതെന്ന് വ്യക്തമല്ല. ഫീൽഡ് സ്റ്റാഫിന്റെ അന്വേഷണ റിപ്പോർട്ടുകളിലും ഈ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/14-01-2019) ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന അപേക്ഷകളിൽ കോളങ്ങൾ പൂർണ്ണമായി പൂരിപ്പിക്കാതെ സമർപ്പിക്കുന്നത് പരിശോധിക്കാതെ സ്വീകരിക്കുന്നതുമൂലമാണ് ഈ വീഴ്ച സംഭവിച്ചതെന്ന് മറുപടി നൽകി.

2016-17 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിനോടൊപ്പം 2017-18 ൽ പുതുതായി ലൈസൻസ് ലഭിച്ചവയുടെ വിവരം കൂടി ഉൾപ്പെടുത്തി പുതുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ചുവടെചേർക്കുന്ന കരാറുകാരിൽ നിന്നും 2017-18 സാമ്പത്തിക വർഷം രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | പേര് | വിലാസം |
|---|---|---|
| 1 | ശ്രീ.അനിൽ കുമാർ | അരുൺ നിവാസ്, കിഴക്ക്പുറം |
| 2 | ശ്രീ.നസ്സീർ | പാണന്റഴികം, അയിരൂർ |
| 3 | ശ്രീ.വിജയകുമാർ | ശോഭന മന്ദിരം, പൂതക്കുളം |
| 4 | ശ്രീ.രാജേന്ദ്ര പ്രസാദ് | ശോഭന മന്ദിരം, പൂതക്കുളം |
| 5 | ശ്രീ.തൃദീപ് | തൃപ്തി, പാളയംകുന്ന് |
| 6 | ശ്രീ.ശ്യാമപ്രസാദ് | കൃഷ്ണ, വടശ്ശേരിക്കോണം, വർക്കല |
| 7 | ശ്രീ.ചിന്തുപ്രസാദ് | കൃഷ്ണ, വടശ്ശേരിക്കോണം, വർക്കല |

| | | |
|---|---|---|
| 8 | ശ്രീ.ശ്രീകുമാർ | എസ്.എസ് നിവാസ്, തേരിവിള |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 40/19-01-2019) ന് ഇവരിൽ നിന്നും വരും വർഷങ്ങളിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. പഞ്ചായത്തിന് ലഭിക്കേണ്ട നികുതികൾ യഥാവിധി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൻമേൽ (സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വ,തീ.3.4.2017) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു

| ക്രമ നം. | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണംനൽകി ആവശ്യമുള്ള മുഴുവൻപേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കൽ | അനൗൺസ്മെന്റ്, നോട്ടീസ് എന്നിവ നൽകി പ്രചാരണം നടത്തി ആവശ്യമുള്ള മുഴുവൻപേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും സമയവും നിശ്ചയിച്ച് നൽകിയിട്ടുണ്ട് |
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | അയൽ സഭ കൂടി അപേക്ഷകൾ പരിശോധിച്ച് കരട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ അർഹതാമാനദണ്ഡം കണക്കാക്കുന്നതിലേക്കായി മാർക്കുകൾ അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയുംഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം | മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. | സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 5 | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം | തയ്യാറാക്കിയിട്ടുണ്ട് |
| 6 | കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾസഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് |

| | | |
|---|---|---|
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച നൽകണം | ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് |
| 8 | ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം | പ്രസിദ്ധീകരിച്ചിട്ടുണ്ട് |

## 3-2 സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം- സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് [G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017] പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | തയ്യാറാക്കിയിട്ടുണ്ട് |
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ് | ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, സെക്രട്ടറി എന്നിവരുടെ യോഗം ചേർന്ന് സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ചും ജില്ലാ പദ്ധതികൾ സംബന്ധിച്ചും വിശദമായി ചർച്ച ചെയ്തതിൻ പ്രകാരം തീരുമാനമെടുത്താണ് സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത് |
| 3.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 4.സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | തയ്യാറാക്കിയിട്ടുണ്ട് |
| 5.ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | കൈമാറ്റം ചെയ്തിട്ടുണ്ട് |
| 6.മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | പ്രോജക്ട് നിർവ്വഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| 7.സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് സൂക്ഷിക്കണം | ജോയിന്റ് വെൻഞ്ച്വർ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് |
| 8സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് | ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ ട്രാൻസ്ഫർ |

| | |
|---|---|
| സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | ചെയ്യാറുണ്ട് |
| 9.നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ചർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | 2017-18 സാമ്പത്തിക വർഷത്തിൽ റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശഭരണ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. |

## 3-3 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

2017-18 വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ നം,പേര് | ചെലവ്തുക/ ബിൽ നം തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | S0041/18, PMAY | 2475000/- 1/2017-18,12.7.17 | VEO | വർക്കല ബ്ളോക്ക് പഞ്ചായത്ത് | 1080000/- | 1395000/- |
| 2 | S0069/18 പൈപ്പ് ലൈൻ ദീർപ്പിക്കൽ | 699993/- 13/17-18, 06.01.18 | സെക്രട്ടറി | കേരള വാട്ടർ അതോറിട്ടി | 553588/- | 146405/- |
| 3 | 143/18 ജലശ്രീ പദ്ധതി | 100000/- 2/7.10.17 | കൃഷിഓഫീസർ | ജില്ല പഞ്ചായത്ത് | - | 100000/- |

മുഴുവൻ ചെലവ് തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായും ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ബാക്കി തുക അതാത് ശീർഷകത്തിൽ തിരികെ ഒടുക്കു വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 മത്സരാധിഷ്ഠിതമല്ലാത്ത ടെൻ്ററുകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണച്ചുമതലയിൽ 17-18 വർഷം 73 പ്രോജക്ടുകൾ അംഗീകാരം വാങ്ങിയിരുന്നു. അവയുടെ നിർവ്വഹണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം വാങ്ങിയ പ്രോജക്ടുകളുടെ എണ്ണം | | | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|
| പുതിയത് | സ്പിൽ ഓവർ | ആകെ | പുതിയത് | സ്പിൽ ഓവർ | ആകെ |

| | | | | | |
|---|---|---|---|---|---|
| 49 | 24 | 73 | 11 | 4 | 15 |

ആദ്യ ടെന്ററിൽ പങ്കെടുക്കാതെ പ്രവൃത്തികൾ ഭൂരിഭാഗവും റീ-ടെന്ററാക്കുകയും ഇതിൽ നാമമാത്ര/സിംഗിൾ ടെന്ററുകൾ മാത്രം സമർപ്പിക്കുകവഴി മത്സര സ്വഭാവം ഇല്ലാതാക്കുകയും ചെയ്യുന്ന പ്രവണത കാണുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ലഭിച്ച ടെന്ററുകളുടെ എണ്ണം | ടെന്റർ സമർപ്പിച്ചവർ | അംഗീകരിച്ച തുക |
|---|---|---|---|---|---|
| 09.08.2017 ലെ ആദ്യഇ - ടെന്ററിൽ 4 സിംഗിൾ ടെന്ററാണ് ലഭിച്ചത്. 8 പ്രവൃത്തികൾക്ക് ടെന്റർ ലഭിച്ചില്ല.<br>10.08.2017ലെ ടെന്ററിൽ 2പ്രവൃത്തികൾക്ക് ടെന്റർ ലഭിച്ചില്ല. | | | | | |
| 30.08.2017 ലെ റീ ടെന്റർ (മാന്വൽ) - 6 പ്രവൃത്തിക്ക് ടെന്റർ ലഭിച്ചില്ല. | | | | | |
| i | തോണിപ്പാറ PHC ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 3,00,000 | 2 | നസീർ(5% above) | |
| | | | | വിജയകുമാർ(0.02% below) | |
| ii | ആലുവിളപ്പുറം അംഗനവാടി നവീകരണം | 1,40,000 | 2 | നസീർ(0.015% below) | |
| | | | | വിജയകുമാർ(5% above) | |
| iii | സെൻട്രൽ LPSനവീകരണം | 1,75,000 | 2 | നസീർ (0.02%below) | |
| | | | | അനിൽ കുമാർ (3% above) | |
| iv | അയിരൂർ ഗവ. LPS ഗേൾസ് ടോയ് ലറ്റ് നിർമ്മാണം | 2,00,000 | 2 | നസീർ (0.01%below) | |
| | | | | അനിൽ കുമാർ (2% above) | |
| v | അയിരൂർ ഗവ.UPS അറ്റകുറ്റപ്പണി | 2,00,000 | 2 | രാജേന്ദ്ര പ്രസാദ് (2.5%above) | |
| | | | | നസീർ (0.01%below) | |
| vi | ചാരുംകുഴി അംഗനവാടി നവീകരണം | 1,45,000 | 2 | രാജേന്ദ്ര പ്രസാദ് (0.01%below) | |
| | | | | നസീർ(2.4%above) | |

2017-18 വർഷം കരാർ ഉറപ്പിച്ച 53 പ്രവൃത്തികളിൽ 10 റോഡ് പുനരുദ്ധാരണ പ്രവൃത്തികളും ശ്രീകുമാർ.എസ്., എസ്.എസ്. നിവാസ്, തേരിവിള, നെല്ലിമൂട് എന്ന കരാറുകാരനാണ് ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിരിക്കുന്നത്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | PAC |
|---|---|---|---|
| i | കടവിൻകര ജനതാമുക്ക് റോഡ് മെയിന്റനൻസ് | 700000 | 699467 |
| ii | കൂടത്തിൽ ആയിരവല്ലി റോഡ് മെയിന്റനൻസ് | 500000 | 477181 |
| iii | കാഞ്ഞിരം വിളാകം റോഡ് മെയിന്റനൻസ് | 538000 | 536337 |
| iv | തുവേണി ജംഗ്ഷൻ വലിയ വീട്ടിൽ ക്ഷേത്രം റോഡ് പുനരുദ്ധാരണം | 520000 | 517228 |
| v | കല്ലകം കളിയിക്കൽ റോഡ് മെയിന്റനൻസ് | 500000 | 493381 |
| vi | പാളയംകുന്ന് PHC റോഡ് മെയിന്റനൻസ് | 700000 | 698401 |
| vii | കക്കാട് കോളനി റോഡ് മെയിന്റനൻസ് | 500000 | 496701 |
| viii | കായൽപ്പുറം മാമ്പഴമൂല റോഡ് മെയിന്റനൻസ് | 500000 | 499715 |
| ix | പുത്തൻവീട് വാതുക്കൽ മെയിന്റനൻസ് | 150000 | 149852 |
| x | താന്നിമൂട് വേങ്കോട് റോഡ് മെയിന്റനൻസ് | 350000 | 349627 |
| കെട്ടിട പ്രവൃത്തികളിൽ 7 എണ്ണം നിർവ്വഹിച്ചിരിക്കുന്നത് നസീർ, പാണന്റഴികം, അയിരൂർ എന്ന കരാറുകാരനാണ്. | | | |
| i | ശിശുവിഹാർ മെയിന്റനൻസ് | 119000 | 118988 |
| ii | അയിരൂർ ഗവ.UPSൽ പെൺകുട്ടികൾക്ക് മൂത്രപ്പുര നിർമ്മാണം | 188166 | 188147 |
| iii | സെൻട്രൽ LPS നവീകരണം | 158944 | 158912 |
| iv | ആല്പവിളപ്പുറം അംഗൻവാടി നവീകരണം | 131082 | 131069 |
| v | മുള്ളൻചാണി കോളനി പൊതുകിണർ മെയിന്റനൻസ് | 98682 | 98672 |
| vi | തെങ്ങുവിള കോളനി കുടിവെള്ള പദ്ധതി | 100000 | 98317 |
| vii | ചാരുംകുഴി ലക്ഷം വീട് പബ്ലിക് വെൽ ഇംപ്രൂവ്മെന്റ് | 150000 | 147572 |

മേൽവിഷയത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല – ഏറ്റെടുക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് അവ്യക്തത

മെയിന്റനൻസ് ഫണ്ട് 5,00,000/- രൂപ വകയിരുത്തി നടപ്പാക്കിയ കൂടത്തിൽ ആയിരവല്ലി റോഡ് മെയിന്റനൻസ് പ്രവൃത്തിക്കായി 4,53,854/- രൂപ ചെലവഴിച്ചു (ബിൽ നമ്പർ 32/22.12.2017). പ്രസ്തുത റോഡ് 285.5 മീറ്റർ നീളത്തിൽ റീ-കോൺക്രീറ്റ് ചെയ്തതിനാണ് ചെലവ് ചെയ്തിരിക്കുന്നത്. ആസ്തി രജിസ്റ്റർ പേജ് നമ്പർ 8 ( Book page record No. 23/1)

പ്രകാരം പ്രസ്തുത റോഡിന്റെ നീളം 0.150 കിലോ മീറ്റർ മാത്രമാണുള്ളത്.

സ്വദേശാഭിമാനി ഗ്രന്ഥശാലയ്ക്കായി കോമ്പൗണ്ട് വാൾ കെട്ടുന്നതിനായി വിഭാവനം ചെയ്ത പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ - SO119/18

അടങ്കൽ തുക - 1,50,000 രൂപ

(മെയിന്റനൻസ് ഫണ്ട്)

ചെലവ് തുക - 1,31,024 രൂപ (ബിൽ നമ്പർ 38/28.12.2017)

മതിൽ കെട്ടി പെയിന്റ് ചെയ്യതിനും സിമന്റ് കോൺക്രീറ്റ് ടൈൽ പാകൽ, സെപ്റ്റിക് ടാങ്ക്, വാട്ടർ ടാങ്ക് സ്ഥാപിക്കൽ എന്നീ ഇനങ്ങൾക്കുമായി 1,31,024 രൂപ ചെലവഴിച്ചു. എന്നാൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.

ആദ്യ പ്രവൃത്തിയെ സംബന്ധിച്ച് കാലാകാലങ്ങളിൽ സ്ഥലം ഏറ്റെടുത്ത് നിർമ്മാണം നടത്തിയ റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും ഗ്രന്ഥശാല MLAയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 25/17.01.2019, 33/19.01.2019 എന്നിവയുടെ മറുപടി).

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വ്യക്തമായ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ

പ്രവൃത്തി സ്ഥലത്തിന്റെ വ്യക്തമായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാറുറപ്പിച്ച് സ്ഥലം കൈമാറിയതിനുശേഷം ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുകവഴി എസ്റ്റിമേറ്റുകൾ ഭൂരിഭാഗവും റിവൈസ് ചെയ്യേണ്ടി വന്നിട്ടുണ്ട്. ഉദാഹരണമായി 09.01.2017ൽ കരാറുറപ്പിച്ച പൂവൽ മാർക്കറ്റ് നവീകരണം പ്രവൃത്തിയിൽ 9 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി 23.01.2017ലെ ഭരണസമിതി തീരുമാനപ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്.

ഉരുത്തിയിൽ നടപ്പാത സംരക്ഷണം പ്രവൃത്തിയിൽ ആദ്യ എസ്റ്റിമേറ്റ് 50 മീറ്റർ നീളത്തിൽ പാർശ്വ ഭിത്തിക്കും 52 മീറ്റർ നീളത്തിൽ കോൺക്രീറ്റിംഗിനുമാണ് തയ്യാറാക്കിയത്. എന്നാൽ സ്ഥല ലഭ്യതക്കുറവ് മൂലം നടപ്പാത കോൺക്രീറ്റിംഗ് നീളം കുറച്ച് സൈഡ് വാൾ ഇരുവശങ്ങളിലുമായി നിർമ്മിച്ചു.

പ്രദേശവാസികളുടെ ആവശ്യപ്രകാരം മാറ്റം അനിവാര്യമായതിനാലാണ് എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ടി വന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 34/19.01.2019). പ്രോജക്ട് രൂപീകരണത്തിൽ ഗുണഭോക്താക്കളുടെ ഇടപെടൽ ഉണ്ടാകുന്നില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. പ്രോജക്ടുകളുടെ പേര് നിർദ്ദേശിക്കുന്നതൊഴിച്ചാൽ, വർക്കിംഗ് ഗ്രൂപ്പിൽ ക്രിയാത്മക ചർച്ചകളൊന്നും നടക്കുന്നില്ല. പ്രവൃത്തി രൂപീകരണത്തിൽ സ്റ്റേക്ക് ഹോൾഡർമാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രവൃത്തി സ്ഥലത്തിന്റെ വിശദ പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 കോടംവിള കോളനി നടപ്പാത സംരക്ഷണം - പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി IV-ാം വാർഡിലുള്ള കോടൻവിള കോളനിയിൽ SCPഫണ്ടുപയോഗിച്ച് നടപ്പാത കോൺക്രീറ്റ് ചെയ്യുന്നതിനാണ് തയ്യാറാക്കിയത്.

ലഭ്യമായ പ്രോജക്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 15-16 | 17-18 |
|---|---|---|

| പ്രോജക്ട് നം. | SO099/16 | SO005/18 |
|---|---|---|
| അടങ്കൽ | 2,16,043 വികസന ഫണ്ട് (SCP) | 2,01,043 വികസന ഫണ്ട് (SCP) |

14-15, 16-17 വർഷങ്ങളിലെ പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമല്ല (ഓഡിറ്റ് എൻക്വയറി - നമ്പർ 22/17.01.2019 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല). 15-16 വർഷം ലഭ്യമായ സാങ്കേതികാനുമതി നമ്പർ 193/AEE/VB/ELK /ID/15-16 തീയതി 27.06.2015. ഭരണ സമിതിയുടെ 17.12.15ലെ VII(10)-ാം നമ്പർ തീരുമാന പ്രകാരം കൺവീനറായ ശ്രീമതി വസന്തയെ മാറ്റി പുതിയ കൺവീനറെ തിരഞ്ഞെടുക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. പുതിയ കൺവീനറായി ശ്രീ. അനിയനെ VII(24)/09.06.2016-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതി കരാർ വച്ച് സ്ഥലം ഏറ്റെടുത്തത് 07.10.2016ലാണ്. പ്രവൃത്തി പൂർത്തീകരിച്ചത് 04.01.2017ലാണ്. വിവിധ ഇലക്ഷനുകളാണ് കാലതാമസത്തിനുള്ള കാരണമായി വിശദീകരിച്ചിരിക്കുന്നത്. കാലതാമസത്തിന് പിഴ ഈടാക്കിയില്ല. മനപൂർവ്വമല്ലാത്ത കാരണങ്ങളാൽ കാലതാമസമുണ്ടായതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തി 130 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനാണ് വിഭാവനം ചെയ്തത്. എന്നാൽ, 21.65 മീറ്റർ നീളത്തിൽ മാത്രമാണ് കോൺക്രീറ്റ് ചെയ്തത്. ബിൽ നമ്പർ 01/24.06.2017 പ്രകാരം 41,875 രൂപ ചെലവ് ചെയ്തു. അടങ്കൽ തുകയുടെ 21% മാത്രമാണ് ചെലവഴിച്ചത്. പ്രവൃത്തി സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ചെയ്തതിനാലാണ് നീളം കുറച്ച് കോൺക്രീറ്റ് ചെയ്ത് പ്രവൃത്തി പൂർത്തീകരിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്.

സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ പ്രോജക്ട് ആ വർഷം തന്നെ പൂർത്തീകരിക്കേണ്ടതായിരുന്നു. വ്യക്തമായ പ്ലാനിംഗില്ലാതെയും പ്രവൃത്തി സ്ഥലം പരിശോധിക്കാതെയും പ്രോജക്ടുകൾ തയ്യാറാക്കുക വഴി പദ്ധതിപ്പണത്തിന്റെ പൂർണമായ വിനിയോഗം നടത്താതിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-8 തുരുത്തിയിൽ നടപ്പാത സംരക്ഷണം - ചെയ്യാത്ത പ്രവൃത്തി അളവുകൾക്ക് തുക നൽകി

പ്രോജക്ട് നമ്പർ - SO121/18

അടങ്കൽ തുക - 2,00,000 (വികസനഫണ്ട് - SCP)

കരാറുകാരൻ - നസീർ (0.01% below)

എം.ബുക്ക് നമ്പർ - 60/17-18

ചെലവ് തുക - 184555/-രൂപ(ബിൽ നമ്പർ 61/27.03.2018)

പ്രവൃത്തിയുടെ ഇനം 1.6ൽ Stone masonary in cement mortar for superstructure in CM 1:6, 15 റീച്ചുകളിലായി 14.56$m^3$ന് 6353.23/- രൂപ നിരക്കിൽ 925032.02/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, 21.01.2019 ന് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത ഇനത്തിന്റെ അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകളുള്ള 4 റീച്ചുകളിലെ അളവുകളിൽ പ്രവൃത്തി ചെയ്തിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു.

0.75x0.50x0.25 = 0.09375

1.00x0.50x0.20 = 0.10

1.00x0.50x0.25 = 0.125

0.75x0.50x0.20 = 0.075

ആകെ 0.39375 m3

ചെയ്യാത്ത പ്രവൃത്തിക്കായി 0.39375 m3 x 6353.23 = 2502/- രൂപ നൽകിയിട്ടുണ്ട്.

പ്രവൃത്തിയിനങ്ങൾ പൂർണ്ണമായിനിർവ്വഹിക്കാതെ തുക നൽകിയത് മോണിറ്ററിംഗ് സമിതിയുടെയും മേൽനോട്ട ചുമതലയുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 താരതമ്യേന പ്രവർത്തനം കുറഞ്ഞ മാർക്കറ്റിൽ നവീകരണ പ്രവൃത്തിക്കായി 1,99,307 രൂപ ചെലവഴിച്ചു

പ്രോജക്ട് നമ്പർ - SO017/18

പ്രോജക്ടിന്റെ പേര് - പുതുവൽ മാർക്കറ്റ് നവീകരണം

അടങ്കൽ തുക - 2,00,000രൂപ(ലോകബാങ്ക് ധനസഹായം)

കാരാറുകാരൻ - നസീർ (0.02% below)

ചെലവ് തുക - 1,99,307രൂപ (ബിൽ നമ്പർ 08/24.06.2017)

നിലവിലുള്ള ഷീറ്റ് റൂഫ് മാറ്റുന്നതിനും ഫ്ലോറിംഗിനുമായി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഹോളോബ്രിക്സ് ഉപയോഗിച്ച് ഹാഫ് വാൾ നിർമ്മാണം, മേൽക്കൂര നിർമ്മാണം, ടൈൽ പാകൽ, ടോയ് ലറ്റ് നിർമ്മാണം മുതലായവ ചെയ്തു. സ്ഥല പരിശോധനയിൽ മാർക്കറ്റ് പ്രവർത്തന രഹിതമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

അവസാന മൂന്ന് വർഷങ്ങളിൽ ലേലയിനത്തിൽ പ്രസ്തുത മാർക്കറ്റിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | രസീത് നമ്പർ | തുക |
|---|---|---|
| 2016-17 | 11502104505<br>തീയതി 30/3/2016 | 3000 |
| 2017-18 | 11602103523,<br>11602103526<br>തീയതി 25/2/2017 | 3030 |
| 2018-19 | 117020106818,<br>117020106822<br>തീയതി 14/3/2018 | 3150 |
| ആകെ | | 9180 രൂപ |

താരതമ്യേന പ്രവർത്തനം കുറഞ്ഞ മാർക്കറ്റിൽ ഷെഡും ടോയ് ലറ്റും നിർമ്മിച്ചതിന്റെ ആവശ്യകത വ്യക്തമാകുന്നില്ല. പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന മേഖലകളിൽ ഫണ്ട് വിനിയോഗം നടത്താൻ ഭരണസമിതിയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ഹരിതഭവന പദ്ധതി- ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി

പ്രോജക്ട് നമ്പർ : SO125/18

വകയിരുത്തൽ : 684400/- (വികസനഫണ്ട് 440800/- രൂപ ഗുണഭോക്തൃവിഹിതം

നേരിട്ട് ചെലവഴിക്കുന്നത് 243600/- രൂപ)

*ചെലവ് വിവരം*

| ബിൽ നമ്പർ/തീയതി | തുക | ചെലവിനം | റിമാർക്സ് |
|---|---|---|---|
| 1/ 31-1-2018 | 45,500 | വിത്തും വളവും വാങ്ങിയത് | |
| 2/13-3-2018 | 1,42,000 | ഗുണഭോക്താക്കൾക്ക് നൽകിയത് | വെർമി കംപോസ്റ്റിംഗ്, റീചാർജിംഗ് നടത്തിയതിന് |
| 3/13-3-2018 | 6,565 | പരിശീലനം | |
| 4/ 19-3-2018 | 69,135 | വിത്തും വളവും വാങ്ങിയത് | |
| 5/24-3-2018 | 127,800 | ഗുണഭോക്താക്കൾക്ക് നൽകിയത് | വെർമി കംപോസ്റ്റിംഗ്, റീചാർജിംഗ് നടത്തിയതിന് |
| 6/24-3-2018 | 49,800 | ഗുണഭോക്താക്കൾക്ക് നൽകിയത് | വെർമി കംപോസ്റ്റിംഗ്, റീചാർജിംഗ് നടത്തിയതിന് |

വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദപരമായി ചെയ്യാൻ കഴിയുന്ന കൃഷി, ജലവിഭവ സംരക്ഷണം, മാലിന്യസംസ്കരണം, മൃഗ സംരക്ഷണം, ക്ഷീരവികസനം, ഊർജസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി കൃഷി ഓഫീസറുടെ നിർവഹണത്തിൽ നടപ്പിലാക്കിയതാണ് ഹരിത ഭവനപദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ള 19 ഗുണഭോക്താക്കളിൽ 16 ഗുണഭോക്താക്കളും ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാത്തവരാണെന്ന് പരിശോധനയിൽ കണ്ടു.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | നൽകിയ തുക (രൂപ) |
|---|---|---|
| 1 | ശ്രീമതി നദീറ, തെക്കതിൽ വീട്,കിഴക്കെപ്പുറം | 7,200 |
| 2 | ശ്രീമതി ഗീതാകുമാരി. ഡി, ഉദയം, ഹരിഹരപുരം | 14,200 |
| 3 | ശ്രീമതി ശശികല, സുബി നിവാസ്, കെടാകുളം | 14,200 |
| 4 | ശ്രീമതി ബേബി സുലേഖ ഡി, പ്രണവം, ഇലകമൺ | 14,200 |
| 5 | ശ്രീമതി ബിനിമോഹൻ, ഹരിതം, അയിരൂർ | 14,200 |
| 6 | ശ്രീമതി അനുജ റഫീക്, ആരാമം, അയിരൂർ | 14,200 |
| 7 | ശ്രീമതി ഗിരിജാ ദാസ്, ചെമ്പകശ്ശേരി പുത്തൻവീട്, ഊന്നിൻമൂട് | 14,200 |
| 8 | ശ്രീമതി വിജയകുമാരി.സി, കൈതപ്പുഴ വീട്, അയിരൂർ | 14,200 |
| 9 | ശ്രീമതി സുചിത്ര, തോട്ടത്തിൽ വീട്, പാളയംകുന്ന് | 14,200 |
| 10 | ശ്രീമതി സജിനി ആനന്ദ്, ഓം വില്ല, ഇലകമൺ | 14,200 |

| | | |
|---|---|---|
| 11 | ശ്രീമതി സത്യവേണി , പി. എസ്. സദനം, ഇലകമൺ | 14,200 |
| 12 | ശ്രീമതി ഫാസിയ ഷംസുദ്ദീൻ, തൗഷാർ ബിൽഡിംഗ്,അയിരൂർ | 14,200 |
| 13 | ശ്രീമതി റീജ ബി, ബി ആർ നിവാസ്, വാളക്കോട്, പാളയംകുന്ന് | 14,200 |
| 14 | ശ്രീമതി നൂർജഹാൻ, ഗാർഡൻ വില്ല, അയിരൂർ | 14,200 |
| 15 | ശ്രീമതി ശോഭനകുമാരി, വാറുവിള വീട്, ഇലകമൺ | 14,200 |
| 16 | ശ്രീമതി സ്വർണ ലത, ഷൈൻ നിവാസ്, പാളയംകുന്ന് | 14,200 |

വിവിധ പദ്ധതികളുടെ ഗുണഭോക്താവിനെ കണ്ടെത്തുന്നതിലും തെരഞ്ഞെടുക്കുന്നതിലും പൂർണമായ ജനപങ്കാളിത്തം ആവശ്യമായതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ബഹു.കേരള ഹൈക്കോടതിയുടെ 4-4-1997 ലെ O.P No 18175/1996 നമ്പർ വിധിയിൽ സുതാര്യമായ രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരസ്ഥാനങ്ങൾ ഗ്രാമസഭയാണെന്നും വിധിച്ചിട്ടുണ്ട്. ഏതൊരു ഗുണഭോക്താവിനെയും തെരഞ്ഞെടുക്കലും സുതാര്യമായ നടപടിക്രമം അനുസരിച്ചായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 41/21-1-19) ഗ്രാമ സഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇവ പരിശോധിച്ച് വിവരം അറിയിക്കുന്നതാണെന്ന് കൃഷി ഓഫീസർ മറുപടി നൽകി. ബഹു. ഹൈക്കോടതി വിധിക്കും അധികാര വികേന്ദ്രീകരണം വ്യവസ്ഥകൾക്കും വിരുദ്ധമായി ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകിയത് നീതികരിക്കത്തക്കതല്ല. വിഷയം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ചെലവഴിക്കാത്ത കേന്ദ്രവിഹിതം - അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കണം

അംഗനവാടി പോഷകാഹാരം (എസ് സി പി) പരിപാടിക്കായി ഐ സി ഡി എസ് സൂപ്പർവൈസർക്ക് കേന്ദ്രവിഹിതമിനത്തിൽ തൻവർഷം അനുവദിക്കപ്പെട്ടിരുന്ന 2,00,000/-രൂപയിൽ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. കേന്ദ്രവിഹിതമിനത്തിൽ നാളിതുവരെയായി അനുവദിക്കപ്പെട്ട തുകയിൽ 656486/- രൂപ 2017-18 ലും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

സ. ഉ. നം/39033/ഡി സി 2/തസ്വഭ തീയതി 3-9-2010 ലെ ഉത്തരവ് പ്രകാരം ചെലവഴിക്കാത്ത കേന്ദ്ര വിഹിതം അംഗനവാടികൾക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിനും അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും പ്രയോജനപ്പെടുത്താവുന്നതാണ്. ചെലവഴിക്കാത്ത കേന്ദ്ര വിഹിതം പ്രസ്തുത ആവശ്യത്തിലേക്ക് ഉപയോഗിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/21-1-19) അപ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റടുക്കാൻ സാധിച്ചില്ല എന്ന മറുപടി നൽകി. ഗ്രാമപഞ്ചായത്തിലെ 24 അംഗനവാടികളിൽ 7 എണ്ണവും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ചെലവഴിക്കാതെ ശേഷിക്കുന്ന കേന്ദ്ര വിഹിതം ഉപയോഗിച്ച് അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിലും അടിസ്ഥാനസൗകര്യം ഒരുക്കുന്നതിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 3-12 പട്ടികജാതി സമിതിക്ക് ചെണ്ട വിതരണം - രേഖകളില്ല. 261440/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : 102/18

[പട്ടികജാതി യുവജനങ്ങൾക്ക്/സമിതിക്ക് ചെണ്ട (വനിത)]

അടങ്കൽ : 3,00,000/- വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : 261440/- രൂപ

(ബിൽ നം: 8/2017-18 തീയതി 24.03.2018, 41320/- &

ബിൽ നം: 15/2017-18 തീയതി 18.03.2018, 220120/-)

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതി പ്രകാരം വികസന ഫണ്ട് (എസ്.സി.പി) ഫണ്ടിൽ നിന്നും 261440/- രൂപ ചെലവഴിച്ച് ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ സംഗീത മ്യൂസിക്കൽസ്, ചെട്ടികുളങ്ങര, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ പ്രകാരം വാങ്ങിയിട്ടുള്ളതാണ്.

1. ചെണ്ട - 15

2. വീക്ക് ചെണ്ട - 8

3. കൈമണി - 6

4. ചെണ്ട കവർ - 23

5. ചെണ്ടക്കോല് - 23

എന്നാൽ ലഭ്യമാക്കിയ പ്രോജക്റ്റ് ഫയൽ പ്രകാരം ചെണ്ട വിതരണം നടത്തുന്നതിലേയ്ക്കായി ക്ഷണിച്ച അപേക്ഷകൾ, വിതരണം നടത്തിയ സമിതികൾ, സംഗീത മ്യൂസിക്കൽസുമായി ഏർപ്പെട്ട കരാർ തുടങ്ങിയ രേഖകളൊന്നും ലഭ്യമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.38) നൽകിയ മറുപടിയിൽ ഉപകരണങ്ങൾ നൽകിയിട്ടുള്ളത് സൗപർണിക ആർട്സ് & സ്പോർട്സ് ക്ലബ് എന്ന സമിതിക്കാണെന്നും ഓഫീസ് നവീകരണ സമയത്ത് ഫയലുകൾ സ്ഥലംമാറ്റി വയ്ക്കപ്പെട്ടതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടി സമിതി വനിതാ സമിതിയാണെന്ന് വ്യകതമാക്കിയിട്ടില്ലാത്തതുമാണ്. ആയതിനാൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 261440/- രൂപ തടസ്സപ്പെടുത്തുന്നു.

13.12.2018 ലെ AS-102/18 നം കത്ത് പ്രകാരം 9 ചെണ്ടകൾ കരാർ കാലാവധിക്ക് മുമ്പ് കേടായതായും 30.12.2018 ന് മുമ്പായി കേടുപാടുകൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥൻ സംഗീത ഉപകരണങ്ങൾ വിതരണം ചെയ്ത സംഗീത മ്യൂസിക്കൽസിനെ അറിയിച്ചിട്ടുണ്ട്. വ്യക്തമായ കരാർ വ്യവസ്ഥയുടെ അഭാവത്തിൽ കരാറുകാരന് ബാദ്ധ്യതയിൽ നിന്ന് ഒഴിവാകാനാകും എന്നതിനാൽ നിർവ്വഹണോദ്യോഗസ്ഥൻ വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-13 പദ്ധതി ആനുകൂല്യങ്ങൾ വ്യക്തികൾക്ക് ആവർത്തിച്ച് നൽകുന്നില്ലായെന്ന് ഉറപ്പാക്കുന്നില്ല.

പ്രോജക്റ്റ് നം. 91/18 [വീട് വയറിംഗ് (എസ്.സി.പി)] പ്രകാരം വികസന ഫണ്ട് (എസ്.സി.പി)-ൽ നിന്നും1,750,000/- രൂപ വകയിരുത്തുകയും 45000/- രൂപ 9 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുള്ളതാണ്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നം./തീയതി | തുക |
|---|---|---|---|
| 1 | പ്രവിത മോഹൻ, ജി.പി.ഹൗസ് | 2/17-18, 09.01.2018 | 5,000/- |
| 2 | സുമതി, ആർദ്രഭവൻ | 4/17-18, 09.01.2018 | 5,000/- |
| 3 | കൗസല്യ, കല്ലുവിള | 6/17-18, 09.01.2018 | 5,000/- |
| 4 | പുഷ്പലത, ഇ.പി.കോളനി | 10/17-18, 09.01.2018 | 15,000/- |

| | | | |
|---|---|---|---|
| 5 | ഉഷാമണി, മേലേചരുവിള | | |
| 6 | ബേബി, ബി.എസ്. ലാന്റ് | | |
| 7 | സജിത, പാറയിൽ | 13/17-18, 09.01.2018 | 10,000/- |
| 8 | സാവിത്രി, സുമ ഭവൻ | | |
| 9 | രജനി, കോണത്തുവീട് | 18/17-18, 09.01.2018 | 5,000/- |

ഫയലുകൾ പരിശോധിച്ചതിൽ പ്രസ്തുത ഗുണഭോക്താക്കൾ മുമ്പ് ഇതേ ആനുകൂല്യം പട്ടികജാതി വികസന വകുപ്പിൽ നിന്നോ, മറ്റ് ഏജൻസികളിൽ നിന്നോ കൈപ്പറ്റിയിട്ടില്ലായെന്ന് ഉറപ്പ് വരുത്തിയിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.38) നൽകിയ മറുപടിയിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ടി ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം വാങ്ങിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾ ഒരേ ആനുകൂല്യം ഒന്നിലധികം ഏജൻസികളിൽ നിന്നും കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പുവരുത്തുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് ഉണ്ടാകേണ്ടതാണ്.

## 3-14 എൽ. പി സ്കൂളിൽ പ്രഭാത ഭക്ഷണം- പ്രോജക്ട് നിർവ്വഹണത്തിൽ ധനവിനിയോഗ മാർഗ്ഗരേഖയുടെ ലംഘനം

പ്രോജക്ട് നമ്പർ- SO136

പ്രോജക്ടിന്റെ പേര്- എൽ.പി സ്കൂളിൽ പ്രഭാത ഭക്ഷണം

അടങ്കൽ- 850000

ചെലവ്- 540252

550000/- രൂപ വികസന ഫണ്ടും 300000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാതെ പൂർണ്ണമായും വികസന ഫണ്ട് മാത്രം പ്രയോജനപ്പെടുത്തിയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയത്. ഇത് ധനവിനിയോഗം സംബന്ധിച്ച് 177/2006/ധന നമ്പർ സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. വിവിധ സ്രോതസ്സുകൾ ഉപയോഗിക്കുന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ആനുപാതികമായി ചെലവ് ചെയ്യേണ്ടതുണ്ട്. ഇത് സംബന്ധിച്ച് നൽകിയഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/21-01-2019) 300000/- രൂപയുടെ ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ച് വന്നതായി അറിവില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ജോയിന്റ് വെഞ്ച്വർ പ്രോജക്ടുകളുടെ നടത്തിപ്പിൽ തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കുകയും തുക സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്തുന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും വേണം എന്ന സർക്കാർ നിർദ്ദേശം പാലിക്കാതിരിക്കുന്നതാണ് ഈ അപാകതയ്ക്ക് കാരണം. മേൽ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 ബ്ലോക്ക് , ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ആനുപാതികമായി ചെലവഴിക്കുന്നില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ആനുപാതികമായി ചെലവഴിച്ചിട്ടില്ല.

| പ്രോജക്റ്റിന്റെപേര്, നമ്പർ | വികസനഫണ്ട് | | ബ്ലോക്ക് വിഹിതം | | ജില്ലാ പഞ്ചായത്ത് വിഹിതം | |
|---|---|---|---|---|---|---|
| മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (SO 74/18) | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |

| | | | | | | |
|---|---|---|---|---|---|---|
| | 636000 | 636000 | 318000 | 180000 | 318000 | 180000 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 64300 | 100000 | 0 | -- | --- |
| ബഡ്സ് സ്കൂൾ തുടർപ്രവർത്തനം (SO 70/18) | 463681 | 456461 | 200000 | 27492 | 200000 | 0 |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/ 21-1-19) നൽകിയ മറുപടിയിൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വന്ന കുറവാണ് തുക ആനുപാതികമായി ചെലവഴിക്കാൻ കഴിയാതിരുന്നതിന് കാരണം എന്ന് മറുപടി നൽകി. സംയുക്ത പ്രോജക്ട് തുക ആനുപാതികമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സ.ഉ. (പി) നമ്പർ 7/2017 /ഫിൻ തീയതി 23-1-2017 പ്രകാരം സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ സാധ്യതയില്ലാത്ത സംയുക്ത പ്രോജക്ട് തുക ഫെബ്രുവരി28 നകം അതാത് സ്ഥാപനങ്ങളിൽ തിരിച്ചടവാക്കേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ ശേഷിക്കുന്ന തുക സർക്കാറിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. ഇപ്രകാരം ചെലവഴിക്കാത്ത തുക തിരിച്ചടവാക്കിയിട്ടുണ്ടോ എന്ന അന്വേഷണത്തിന് (എൻക്വയറി നം. 42/21-1-19) മാർച്ച് 31 നകം തിരിച്ചടക്കാൻ സാധിച്ചില്ലാ എന്നും തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. തുക തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 ബഡ്സ് സ്കൂൾ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയെങ്കിലും ബ്ലോക്ക് വിഹിതം ചെലവഴിച്ചു

ബഡ്സ് സ്കൂൾ വികസനവുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നിർവഹണത്തിൽ ബഡ്സ് സ്കൂൾ തുടർ പ്രവർത്തനം, ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം ഒരുക്കൽ (സ്പിൽ ഓവർ പ്രോജക്ട്) എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കിയിരുന്നു.

| പ്രോജക്ട് | വകയിരുത്തൽ | | | | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| | വികസന ഫണ്ട് / ധന.കമ്മീഷൻ ഗ്രാന്റ് | ബ്ലോക്ക് വിഹിതം | ജില്ല പഞ്ചായത്ത് വിഹിതം | ആകെ വകയിരുത്തൽ | വികസന ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ല പഞ്ചായത്ത് വിഹിതം | ആകെ |
| ബഡ്സ് സ്കൂൾ തുടർ പ്രവർത്തനം ( SO 70/18) | 463681 (വികസന ഫണ്ട്) | 200000 | 200000 | 863681 | 456461 | 7492 | 0 | 463953 |
| ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം ഒരുക്കൽ (സ്പിൽ | 20200 (ധന കമ്മീഷൻ ഗ്രാന്റ്) | 150000 | 0 | 170200 | 0 | 170200 (150000 + 20200)* | 0 | 170200 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഓവർ പ്രോജക്ട് ) | | | | | | | | | |

**20200/-രൂപ ക്രമ നമ്പർ I-ലെ പ്രോജക്ടിലെ ബ്ലോക്ക് വിഹിതമിനത്തിൽ നിന്നും ചെലവഴിച്ചു.*

മേൽ പദ്ധതി നിർവഹണത്തിൽ ഫണ്ട് തുക വകമാറ്റി ചെലഴിച്ചിട്ടുണ്ട്. ബഡ്സ് സ്കൂൾ തുടർപ്രവർത്തനം എന്ന തൻവർഷത്തെ പ്രോജക്ടിൽ (ക്രമ നം.1) ബ്ലോക്ക് വിഹിതമിനത്തിൽ 200000/- രൂപ വകയിരുത്തിയതിൽ നിന്നും 27492/- രൂപയാണ് ലഭിച്ചത്. പ്രസ്തുത തുകയിൽ നിന്നുമുള്ള 20200/- രൂപ കൂടി വിനിയോഗിച്ചാണ് ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ എന്ന സ്പിൽ ഓവർ പ്രോജക്ടിലേക്കായി (ക്രമ നം.2) 1,70,200/-രൂപ വിലപിടിപ്പുള്ള ഫർണിച്ചർ വാങ്ങിയത്. തൻവർഷത്തെ പ്രോജക്ടിൽ വകയിരുത്തിയ തുക അതേ വർഷം സ്പിൽ ഓവർ പ്രോജക്ടിനായി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/21-1-19) നൽകിയ മറുപടിയിൽ സ്പിൽ ഓവർ പ്രോജക്ടിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിരുന്ന തുക ലഭിച്ചിരുന്നില്ലായെന്നും അറിവില്ലായ്മയിലാണ് ബ്ലോക്ക് വിഹിതം ഉപയോഗപ്പെടുത്തിയതെന്നും ഭൗതിക സാഹചര്യം അത്യാവശ്യമായതിനാലുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്ടിനായി വകയിരുത്തുന്ന ഫണ്ടിൽ നിന്നുതന്നെ തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 3-17 <u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പണിസാധനങ്ങളുടെ സ്റ്റോക്ക് വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല</u>

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 12-03-2010 ൽ 1,00,000/- രൂപയുടെ പണിസാധനങ്ങൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയതായി 2009-2010 വർഷത്തെ എം.എൻ.ആർ.ഇ.ജി.എസ് സബ്സിഡിയറി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പണിസാധനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഇവയുടെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നതിലേക്കായി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 37/19-01-2019 പ്രകാരം ആവശ്യപ്പെട്ടതിന് "സ്റ്റോക്ക് രജിസ്റ്റർ, വിതരണം സംബന്ധിച്ച മറ്റ് രേഖകൾ എന്നിവ നിലവിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും വിശദമായ പരിശോധന നടത്തി പിന്നീട് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും" സെക്രട്ടറി മറുപടി നൽകി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നാളിതുവരെ വാങ്ങിയ പണിയായുധങ്ങളുടെ വിശദാംശം (വാങ്ങിയവയുടെ എണ്ണം, വിതരണം ചെയ്തവ മുതലായവ..) ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും ആയതിന്റെ സ്റ്റോക്ക് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-18 <u>എച്ച്. എം. സികളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

2017-18 വർഷം എച്ച്.എം.സി ഓഡിറ്റ് (ആയുർവ്വേദം) സമർപ്പിച്ച അക്കൗണ്ട്സിൽ ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. പാസ്ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എച്ച് എം സിയ്ക്കായി പ്രത്യേകം ബാങ്ക് അക്കൗണ്ട് നിലവിലില്ല. ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിഷയങ്ങൾ ഓഡിറ്റ് വകുപ്പിന്റെ 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം വിഷയങ്ങളിലെ അപാകത പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത്തരം അപാകതകൾ നിലനില്ക്കുന്നതിനാൽ 2017-18 വർഷം സമർപ്പിച്ച അക്കൗണ്ട്സിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2017-18 വർഷം എച്ച് എം സി ഓഡിറ്റിനായി മെഡിക്കൽ ഓഫീസർ പി എച്ച് സി അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24/17.01.18 , 48/21.01.18) അപാകതകൾ പരിഹരിച്ച് വാർഷിക ധനകാര്യപത്രിക സമർപ്പിക്കുന്നതാണെന്ന് ആയുർവ്വേദ മെഡിക്കൽ ഓഫീസർ മറുപടി നല്കി. മെഡിക്കൽ ഓഫീസർ പി എച്ച് സി മറുപടി ലഭ്യമാക്കിയിട്ടില്ല. എച്ച്.എം.സികളുടെ രജിസ്റ്ററുകളും രേഖകളും കൃത്യമായും സൂക്ഷിക്കേണ്ടതും നിശ്ചിതമാതൃകയിലുള്ള വാർഷിക ധനകാര്യപത്രിക ഓഡിറ്റിനായി യഥാസമയം സമർപ്പിക്കേണ്ടതുമാണ്. ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ മേൽ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-19 ഭിന്നശേഷിക്കാർക്ക് ശ്രവണസഹായി- രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ- 130/18

പ്രോജക്ടിന്റെ പേര്- ഭിന്നശേഷിക്കാർക്ക് ശ്രവണസഹായി

അടങ്കൽ- 2,00,000/-

ചെലവ്- 199800/-

ബിൽ നമ്പർ, തീയതി- 08/28.03.18

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

കേൾവിശേഷികുറവുള്ള പഞ്ചായത്തിലെ എല്ലാ ഭിന്നശേഷിക്കാർക്കും ശ്രവണസഹായി ലഭ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. സ്ക്രീനിംഗ് ടെസ്റ്റിന് വിധേയമായവർക്ക് മുൻഗണന ക്രമത്തിൽ ശ്രവണസഹായി വാങ്ങി നല്കുന്നു. 20 ഗുണഭോക്താക്കൾക്ക് 9990/- രൂപ ക്രമത്തിൽ 199800/- രൂപ ചെലവഴിച്ച് ശ്രവണസഹായി വാങ്ങിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

i) പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ (മെഡിക്കൽ ക്യാമ്പ് )എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

ii) സ്റ്റോർ പർച്ചേസ് മാനുവൽ 2013 , സ ഉ (പി) നം 3/2013, എസ്, പി ഡി, തീയതി 21.06.13 പ്രകാരം 100000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ടെണ്ടർ നടപടി ക്രമം പാലിച്ച് വാങ്ങേണ്ടതാണ്.എന്നാൽ ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

iii) 20 ശ്രവണസഹായി ലാൽ കമ്മ്യൂണിക്കേഷൻസ്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിൽ 18 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. 2 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

iv)പദ്ധതി മോണിട്ടറിംഗ് നടത്തിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 46/ 21.01.19) മറുപടി ഹാജരാക്കിയിട്ടില്ല. ആവശ്യകത നിർണ്ണയിക്കാതെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയതുകാരണം ശ്രവണസഹായി പൂർണ്ണമായും വിതരണം ചെയ്യാൻ സാധിച്ചില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ചെലവ് തുക 199800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 വയോമിത്രം പദ്ധതി - കൈമാറിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ- 131/18

പ്രോജക്ടിന്റെ പേര്- വയോമിത്രം പദ്ധതി (ജനറൽ)

അടങ്കൽ- 5,00,000

ചെലവ്- 5,00,000

ബിൽ നമ്പർ, തീയതി- 06/11.01.18

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

വയോജനങ്ങളിൽ 65 വയസ്സിന് മുകളിൽ പ്രായമുള്ള രോഗാതുരരായ വ്യക്തികളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന് ഇൻസുലിനും ജെറിയാട്രിക് മെഡിസിനും ലഭ്യമാക്കുന്നതിനായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മരുന്ന് വാങ്ങുന്നതിന് KMSCL ന് 500000/- രൂപ കൈമാറിയിട്ടുണ്ട്. ഇതിൽ 197334/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 302666/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 45/21.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല. 302666/- തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 318000 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 180000 | 138000 |
| | 2017-18 | 382500 | സമഗ്ര നെൽകൃഷി വികസനം | 382500 | 0 |
| | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| | 2017-18 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| | 2017-18 | 100000 | ബഡ്സ് സ്കൂൾ | 27492 | 72508 |
| | 2017-18 | 100000 | പി.എച്ച്.സി. ഇൻഫ്രാസ്ട്രക്ചർ | 0 | 100000 |
| | 2017-18 | 60280 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 60280 | 0 |
| | 2017-18 | 100000 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 100000 |
| ജില്ല പഞ്ചായത്ത് | 2017-18 | 318000 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 180000 | 138000 |
| | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| | 2017-18 | 60280 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 60280 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ഏജൻസിയിൽ ബാക്കിനിൽക്കുന്ന തുക |
|---|---|---|---|---|---|
| i | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 699993 | 0 | 699993 |
| ii | കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 69497 | 0 | 69497 |

പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ഖണ്ഡിക 3 - 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50905008 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50966985 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 763906 രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-12 | 261440 | ശ്രീ. കൃഷ്ണകുമാർ.എസ്.എസ്,<br>അസിസ്റ്റന്റ് സെക്രട്ടറി. |
| 3-19 | 199800 | ഡോ. അമിത് കുമാർ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-20 | 302666 | ഡോ. അമിത് കുമാർ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കൃഷ്ണകുമാർ.എസ്.എസ്,<br>അസിസ്റ്റന്റ് സെക്രട്ടറി. | - | ലഭ്യമല്ല |
| ഡോ. അമിത് കുമാർ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | - | ലഭ്യമല്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/1372/2018 തീയതി 22.06.2018 | 5 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/1372/2018 തീയതി 22.06.2018 | 1 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/1372/2018 തീയതി 22.06.2018 | 6 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/1372/2018 തീയതി 22.06.2018 | 3 | |
| 2014-15 | കെ.എസ്.റ്റി.വി.എം.ജി.പി. 07/1380/2016 തീയതി 03.08.2016 | 9 | |

| | | | |
|---|---|---|---|
| | | | |
| 2015-16 | കെ.എസ്.റ്റി.വി.എം.ജി.പി. 07/1720/2016 തീയതി 31.10.2016 | 16 | |
| 2016-17 | കെ.എസ്.റ്റി.വി.എം.ജി.പി. 07/1415/2017 തീയതി 05.07.2017 | 19 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ഇലകമൺ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.